**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4596** **13-03-2023 - ൽ മറുപടിയ്ക്ക്**

**മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ ലക്ഷ്യങ്ങളും പ്രവർത്തനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്.) ഉണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 11 ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 22 -ഉം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | എം.ആർ.എസ്.- കളുടെ ലക്ഷ്യങ്ങളും പ്രവർത്തനവും വിശദമാക്കാമോ; | (ബി) | അഞ്ചാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നത്. കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുകയെന്ന ലക്ഷ്യം കൂടി മുൻ നിർത്തിയാണ് അയ്യങ്കാളി സ്പോർട്സ് എം.ആർ.എസ് പ്രവർത്തിക്കുന്നത്.<br><br>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപകരെ അഡീഷൻ ടു കേഡർ വ്യവസ്ഥയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും, അനധ്യാപക ജീവനക്കാരെ വകുപ്പിൽ നിന്നും നിയമിക്കുന്നു. വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്സുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ ടി ലാബ്, സയൻസ് ലാബ്, ഭൂമിശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ക്ലാസ് റൂമുകൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ എം.ആർ.എസ്സുകളിലും നടപ്പിലാക്കിയിട്ടുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സ്കൂൾ |

| | | | |
|---|---|---|---|
| | | | പഠന സമയത്തിന് ശേഷം സ്പെഷ്യൽ ക്ലാസുകൾ, മോട്ടിവേഷൻ ക്ലാസുകൾ, കൗൺസിലിംഗ് ക്ലാസുകൾ പേഴ്സണാലിറ്റി ഡെവലപ്മെന്റ് ക്ലാസുകൾ, യോഗ ക്ലാസുകൾ, ഫിസിക്കൽ ട്രെയിനിംഗ്, മ്യൂസിക് ക്ലാസുകൾ, ഭാഷാ പഠന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ എം.ആർ.എസ്സുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതോടൊപ്പം റസിഡൻഷ്യൽ വിദ്യാഭ്യാസ സമ്പ്രദായം പരിചയപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടു കൂടിയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. പ്രസ്തുത സ്കൂളുകളുടെ അക്കാദമിക് പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പും ഭരണപരമായ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പുമാണ് നിർവഹിക്കുന്നത്. ജില്ലാതലത്തിൽ ജില്ലാകളക്ടർ അധ്യക്ഷനായിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. സംസ്ഥാനതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ കൺവീനറായും ഉള്ള സമിതി ഇതിന്റെ മേൽനോട്ടം നടത്തി വരുന്നു. |
| (സി) | മുൻവർഷങ്ങളെ അപേക്ഷിച്ച് എം.ആർ.എസ്.-കളിൽ വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെടുന്നുണ്ടോ; പ്രസ്തുത മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | പട്ടികജാതി വകുപ്പിന് കീഴിലുള്ള എം.ആർ എസ്സുകളിൽ പുതിയതായി പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ നേരിയ രീതിയിൽ കുറവുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ വീടിന് സമീപത്ത് തന്നെ പൊതു വിദ്യാലയങ്ങളുടെ ലഭ്യത, അണു കുടുംബങ്ങളായതിനാൽ ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നതിനോടുള്ള രക്ഷിതാക്കളുടേയും കുട്ടികളുടേയും താൽപര്യക്കുറവ്, എന്നിവ കുട്ടികളുടെ എണ്ണത്തിൽ പരിമിതമായെങ്കിലും കുറവുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്. കളിൽ കോവിഡ് വ്യാപനത്തിനുശേഷം എൽ.പി. ക്ലാസുകളിലുള്ള സ്കൂളുകളിൽ പ്രവേശനം തേടുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ വർദ്ധിച്ചതും, വിവിധ വകുപ്പുകൾ മുഖേന യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തിയതും കാരണം കുട്ടികൾ മാതാപിതാക്കളുടെ കൂടെ |

| | | | |
|---|---|---|---|
| | | | താമസിച്ച സ്കൂളിൽ പോയി വരുന്നതിനുള്ള പ്രവണത വർദ്ധിച്ച വരുന്നുണ്ട്. മെച്ചപ്പെട്ട സൗകര്യങ്ങൾ സമീപ സ്കൂളുകളിൽ തന്നെ ലഭ്യമാകുന്നതു കൊണ്ട് കുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകൾക്ക് പകരം സ്വന്തം പ്രദേശത്തുള്ള സ്കൂളുകളിൽ പ്രവേശനം തേടാൻ രക്ഷിതാക്കൾ താൽപര്യപ്പെടുന്നതായി കാണുന്നുണ്ട്. |

സെക്ഷൻ ഓഫീസർ